**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2350** **15-10-2024 - ൽ മറുപടിയ്ക്ക്**

**പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2024- 25 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതം എത്ര കോടി രൂപയാണെന്നും എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; ഇതിൽ ഓരോ വകുപ്പിന്റെ പദ്ധതി വിഹിതവും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; | (എ) | 2024-25 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനകൾക്കു കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന വിഹിതവും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം എത്രയെന്നും ഇതുവരെ ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ? | (ബി) | 2024-25 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി അനുവദിച്ചത് 8532 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം 2722.96 കോടി രൂപയാണ് ഇതിനോടകം പദ്ധതി വിഹിതത്തിൽ ചെലവഴിച്ചത്. 2024-25 സാമ്പത്തിക വർഷം തദ്ദേശസ്ഥാപന പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം 2637.28 കോടി രൂപയും, ഇതുവരെ ലഭിച്ച വിഹിതം 667 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം. | ധനാഭ്യർത്ഥന | (തുക കോടിയിൽ) | | |
|---|---|---|---|---|
| | | വിഹിതം | ചെലവ് ** (09/2024) | % |
| I | സംസ്ഥാന നിയമസഭ | 0.93 | 0.95 | **101.78%** |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 72.69 | 32.38 | **44.55%** |
| III | നീതിന്യായ നിർവ്വഹണം | 45.26 | 27.76 | **61.33%** |
| V | ചരക്കു സേവന നികുതിയും, കാർഷികാദായ നികുതിയും വില്പന നികുതിയും | 11.80 | 4.89 | **41.40%** |
| VI | ഭൂനികുതി | 7.50 | 0.22 | **2.92%** |
| VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 21.16 | 6.41 | **30.28%** |
| VIII | എക്സൈസ് | 17.90 | 4.19 | **23.39%** |
| X | ട്രഷറികളും അക്കൗണ്ടുകളും | 17.12 | 7.89 | **46.10%** |
| XI | ജില്ലാ ഭരണവും പലവകയും | 9.50 | 2.57 | **27.02%** |
| XII | പോലീസ് | 191.36 | 31.26 | **16.33%** |
| XIII | ജയിലുകൾ | 11.50 | 2.32 | **20.19%** |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 61.38 | 10.38 | **16.91%** |
| XV | പൊതുമരാമത്ത് | 1245.54 | 764.96 | **61.42%** |
| XVI | പെൻഷനും പലവകയും | 0.00 | 2932.78 | **-** |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2991.55 | 845.95 | **28.28%** |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2641.45 | 1223.43 | **46.32%** |
| XIX | കുടുംബക്ഷേമം | 250.00 | 218.77 | **87.51%** |
| XX | ശുദ്ധജല വിതരണവും ശുചീകരണവും | 907.10 | 650.64 | **71.73%** |
| XXI | ഭവന നിർമ്മാണം | 65.80 | 13.97 | **21.24%** |
| XXII | നഗരവികസനം | 1659.06 | 879.30 | **53.00%** |
| XXIII | വാർത്താ വിതരണവും പ്രചരണവും | 37.20 | 5.37 | **14.44%** |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 564.52 | 122.90 | **21.77%** |
| XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2745.22 | 902.44 | **32.87%** |
| XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | 0.31 | 0.00 | **0.00%** |
| XXVII | സഹകരണം | 167.33 | 9.84 | **5.88%** |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 1515.61 | 2799.93 | **184.74%** |
| XXIX | കൃഷി | 1394.17 | 352.91 | **25.31%** |
| XXX | ഭക്ഷ്യം | 68.35 | 326.84 | **478.18%** |
| XXXI | മൃഗസംരക്ഷണം | 274.45 | 55.20 | **20.11%** |
| XXXII | ക്ഷീരവികസനം | 117.95 | 15.79 | **13.39%** |
| XXXIII | മത്സ്യബന്ധനം | 425.10 | 195.03 | **45.88%** |
| XXXIV | വനം | 278.06 | 80.73 | **29.03%** |
| XXXV | പഞ്ചായത്ത് | 388.15 | 224.90 | **57.94%** |
| XXXVI | ഗ്രാമ വികസനം | 6031.79 | 626.89 | **10.39%** |
| XXXVII | വ്യവസായങ്ങൾ | 1736.88 | 334.33 | **19.25%** |

| നം. | ധനാഭ്യർത്ഥന | (തുക കോടിയിൽ) | | |
|---|---|---|---|---|
| | | വിഹിതം | ചെലവ് ** (09/2024) | % |
| XXXVIII | ജലസേചനം | 426.67 | 98.75 | **23.14%** |
| XXXIX | വൈദ്യുത പദ്ധതികൾ (സംസ്ഥാന വൈദ്യുതി ബോർഡിന്റെ തനത് വിഹിതം ഉൾപ്പെടെ) | 1150.76 | *20.08 | **1.75%** |
| XL | തുറമുഖങ്ങൾ | 73.72 | 47.39 | **64.28%** |
| XLI | ഗതാഗതം | 789.39 | 1237.20 | **156.73%** |
| XLII | വിനോദസഞ്ചാരം | 351.42 | 107.63 | **30.63%** |
| XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 8532.00 | 2722.96 | **31.91%** |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 1589.27 | 687.94 | **43.29%** |
| | **ആകെ** | **38886.91** | **18636.04** | **47.92%** |

* വൈദ്യുതി ബോർഡിൽ നിന്ന് തനത് ചെലവ് ലഭ്യമായിട്ടില്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല.

**അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കു പ്രകാരം

22/11/24

22/11/24
JS.